പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ **3984** 25/06/2014-ൽ മറുപടിയ്ക്ക്

## പ്രമേഹം, രക്ത സമ്മർദ്ദം, ഹൃദ്രോഗം, കാൻസർ രോഗങ്ങൾക്കുള്ള ഔഷധങ്ങളുടെ ഉയർന്ന വില

| ചോദ്യം | മറുപടി |
|---|---|
| ശ്രീമതി. കെ. എസ് സലീഖ | ശ്രീ. വി.എസ് ശിവകുമാർ (ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) പ്രമേഹം, രക്ത സമ്മർദ്ദം, ഹൃദ്രോഗം, കാൻസർ തുടങ്ങിയ രോഗികളും, ഗർഭിണികളും ഉപയോഗിക്കുന്ന മരുന്നുകളുടെ വില അടിക്കടി ഉയരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം വ്യക്തമാക്കുമോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) കയറ്റുമതി വളർച്ചാനിരക്ക് ഇടിഞ്ഞതിനെ തുടർന്ന് ആഭ്യന്തര വിപണിയിൽ പ്രസ്തുത മരുന്നുകളുടെ വില പത്തു ശതമാനം കൂട്ടാൻ കമ്പനികൾ ശ്രമിക്കുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി) എങ്കിൽ ഇതിൽ നിന്നും സംസ്ഥാനത്ത് ഈ മരുന്നുകൾ ഉപയോഗിക്കുന്നവർക്ക് സംരക്ഷണം നൽകാൻ എന്തു നടപടി സ്വീകരിക്കും; വ്യക്തമാക്കുമോ; | (സി) ബാധകമല്ല. |

(ഡി) മരുന്നു കമ്പനികൾ വില നിശ്ചയിക്കുമ്പോൾ വില നിയന്ത്രണ നിയമവും സുപ്രീംകോടതി നിർദ്ദേശങ്ങളും നടപ്പിലാക്കുന്നുവോ എന്ന് പരിശോധിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള നടപടികൾ സ്വീകരിക്കുമോ;

(ഇ) പ്രസ്തുത രോഗികളും ഗർഭിണികളും ഉപയോഗിക്കുന്ന മരുന്നുകളുടെ വില ഈ സർക്കാർ അധികാരത്തിൽ വന്നപ്പോൾ ഉള്ളതിനേക്കാൾ നിലവിൽ ഓരോന്നിനും എത്ര ശതമാനം കണ്ട് വർദ്ധിച്ചുവെന്ന് വ്യക്തമാക്കുമോ?

(ഡി) മരുന്നു കമ്പനികൾ മരുന്നുകളുടെ വില നിശ്ചയിക്കുമ്പോൾ, സപ്ലിമെന്ററി പ്രൈസ് ലിസ്റ്റ്, ക്വാളിറ്റി റിട്ടേൺസ് എന്നിവയെ സംബന്ധിച്ച വിവരങ്ങൾ, നിശ്ചിത മാതൃകയിൽ, വില നിയന്ത്രണ അതോറിറ്റിയെ സമയാ സമയം അറിയിക്കാറുണ്ട്.

(ഇ) ഡ്രഗ്സ് പ്രൈസ് കൺട്രോൾ ഓർഡർ (DPCO 2013) പ്രകാരം വില നിയന്ത്രണ മാനദണ്ഡം Market based policy യും മുമ്പ് നിലനിന്നിരുന്ന സംവിധാനം Production cost based policy യും ആണ്. നിലവിലുള്ള മരുന്നു വിലയിൽ, മുമ്പ് ഉണ്ടായിരുന്നതിനേക്കാൾ വർദ്ധനവ് വന്നിട്ടില്ല.

സെക്ഷൻ ഓഫീസർ